**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4324** **06-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉദ്യോഗസ്ഥർക്കായി നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥർക്കായി നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ആകെ എത്ര പേരാണ് അംഗങ്ങളായിട്ടുള്ളതെന്ന് പ്രീമിയം തുകയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് അറിയിക്കുമോ; | (എ) | സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിർബന്ധമായും അംഗത്വമെടുക്കേണ്ടതുണ്ട്. എന്നാൽ ഇൻഷ്വറൻസ് വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെ രേഖകൾ നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ലാത്തതിനാൽ പ്രീമിയം തുകയുടെ അടിസ്ഥാനത്തിൽ അംഗങ്ങളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല. രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിലവിൽ ഏതൊക്കെ ഇൻഷ്വറൻസ് പദ്ധതികളിലാണ് സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് (GIS), ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് (GPAIS) എന്നീ പദ്ധതികളിലാണ് സർക്കാർ പോതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ നിർബന്ധമായും ചേർന്നിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. |
| (സി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പുതുക്കിയത് പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ ജീവനക്കാർക്ക് എന്ന് മുതലാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പുതുക്കലുകൾ ഒന്നും നടന്നിട്ടില്ല. പദ്ധതിയിൽ അംഗത്വമെടുക്കുന്ന മാസം മുതൽ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ച് തുടങ്ങും. |
| (ഡി) | ഗ്രൂപ്പ് ഇൻഷ്വറൻസ് പുതുക്കിയ പദ്ധതി പ്രകാരം മുൻപ് ഉണ്ടായിരുന്നതിൽ നിന്നും ഇപ്പോഴുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ഡി) | 2019-ൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ മരണപ്പെടുന്നവർക്കുള്ള ക്ലെയിം തുക നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. (10 രൂപയുടെ ഒരു യൂണിറ്റിന് 10,000 രൂപയ്ക്ക് പകരം 20,000 രൂപ ക്ലെയിം നൽകി തുടങ്ങി) പദ്ധതിയിൽ മറ്റ് മാറ്റങ്ങളൊന്നും വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ആരംഭിച്ചത് എന്നാണ്; പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ എത്ര തവണയാണ് പ്രീമിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്; വർദ്ധനവ് വരുത്തിയ തുകയും വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതികളും അറിയിക്കുമോ; | (ഇ) | ജി.ഐ.എസ് പദ്ധതി ആരംഭിച്ചത് 1984 ലാണ് . സ.ഉ (അ) നം.392/84/ ധന, തീയതി 09/08/1984. പദ്ധതിയുടെ ആരംഭം മുതൽ 7 തവണ വരിസംഖ്യാ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ തുക വിതരണം ചെയ്തിട്ടുള്ളത് ആകെ എത്ര ജീവനക്കാർക്കാണെന്ന് ഓരോ വർഷവും വിതരണം ചെയ്ത ആകെ തുക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എഫ്) | 1984- ൽ ആണ് പദ്ധതി നിലവിൽ വന്നത്. ആദ്യ കാലത്ത് തീർപ്പാക്കിയ ക്ലെയിമുകളുടെ വിവരങ്ങൾ ലഭ്യമല്ല. വകുപ്പിന്റെ ഇൻഹൗസ് സോഫ്റ്റ് വെയർ ആയ ആശ്വാസ് വഴി തീർപ്പാക്കിയ 5 വർഷത്തെ ക്ലെയിമുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. |

| ക്ലെയിമുകളുടെ വർഷം | ക്ലെയിമുകളുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപയിൽ) |
|---|---|---|
| 2019 | 22061 | 1,45,35,86,505 |
| 2020 | 19121 | 1,51,96,78,713 |
| 2021 | 20556 | 1,96,61,78,324 |
| 2022 | 19860 | 2,35,63,74,485 |
| 2023 | 1955 | 35,82,22,323 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 1450-2050 & above | A | 50 |
| 2 | 910-1550 & above but below 1450-2050 | B | 40 |
| 3 | 650-1150 & above but below 910-1550 | C | 30 |
| 4 | 290-425 & above but below 650-1150 | D | 20 |
| 5 | 280-400 | E | 10 |

19/08/1995-ലെ സ.ഉ (അ) നം. 498/1995/ധന ഉത്തരവ് പ്രകാരം വരിസംഖ്യയിൽ വർദ്ധനവ് ഉണ്ടായി ഗ്രൂപ്പിന്റെ എണ്ണം 5-ൽ നിന്നും 4 ആയി മാറ്റം വരുത്തി.

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 4200-5300 & above | A | 100 |
| 2 | 2500-4000 & above but below 4200-5300 | B | 50 |
| 3 | 2000-3000 & above but below 2500-4000 | C | 30 |
| 4 | 775-1065 & above but below 2000-3000 | D | 20 |

20/09/1999-ലെ സ.ഉ (അ) നം. 1862/1999/ധന ഉത്തരവ് പ്രകാരം വീണ്ടും വരിസംഖ്യ ഉയർത്തി

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 10,000-15,150 & above | A | 200 |
| 2 | 6500-10,550 & above but below 10,000-15,150 | B | 150 |
| 3 | 3050-5230 & above but below 6500-10,550 | C | 100 |
| 4 | 2610-3680 & above but below 3050-5230 | D | 50 |

24/08/2007-ലെ സ.ഉ (അ) നം. 385/2007/ധന ഉത്തരവ് പ്രകാരം വീണ്ടും വരിസംഖ്യ ഉയർത്തപ്പെട്ടു.

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 16,650-23,200 & above | A | 250 |
| 2 | 10790-18,000 & above but below 16,650-23,200 | B | 200 |
| 3 | 5250-8390 & above but below 10790-18,000 | C | 150 |
| 4 | 4510-6230 & above but below 5250-8390 | D | 100 |

06/09/2011-ലെ സ.ഉ (അ) നം. 381/2011/ധന ഉത്തരവ് പ്രകാരം

വരിസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്.

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 29,130-43,640 & above | A | 300 |
| 2 | 18740-33,680 & above but below 29,130-43,640 | B | 250 |
| 3 | 9190-15,780 & above but below 18740-33,680 | C | 200 |
| 4 | 8500-13210 & above but below 9190-15,780 | D | 150 |

തുടർന്നുള്ള വരിസംഖ്യ വർദ്ധനവ് വന്നത് 01/08/2016-ലെ സ.ഉ (അ) നം. 112/2016/ധന ഉത്തരവ് പ്രകാരമാണ്.

| Sl.No. | Scale of Pay | Group | Subscription |
|---|---|---|---|
| 1 | 55,350-1,01,400 & above | A | 600 |
| 2 | 35700-75600 & above but below 55,350-1,01,400 | B | 500 |
| 3 | 17,000-35,700 & above but below 35700-75600 | C | 400 |
| 4 | 16,500-35700 & above but below 17,000-35,700 | D | 300 |

26/11/2021-ലെ സ.ഉ. (അ) നം. 156/2021/ധന നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് ഏറ്റവും പുതിയ വരിസംഖ്യ നിരക്ക് നിലവിൽ വന്നത്.

| SL.No | Scale of Pay | Group | Subscription | Maximum |
|---|---|---|---|---|
| 1 | 77,200-1,40,500 and above | A | 1500 | 2000 |
| 2 | 50200-1,05,300 & above but below 77,200-1,40,500 | B | 1000 | 2000 |
| 3 | 23700-52600 & above but below 50,200-1,05,300 | C | 800 | 1600 |
| 4 | below 23700-52600 | D | 400 | 800 |